REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-09-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഡൽഹിയിൽ പ്രതിനിധി തല ചർച്ച ആരംഭിച്ചു .
- 54-ാമത് GST കൗൺസിൽ യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു .
- മെഡിസെപ്പ് പദ്ധതിയിൽ രണ്ടര വർഷത്തിനുള്ളിൽ 1,485 കോടി രൂപയുടെ ചികിത്സാ ആനുകൂല്യങ്ങൾ നൽകിയതായി മന്ത്രി KN ബാലഗോപാൽ.
- സംസ്ഥാനത്ത് സൗജന്യ ഓണക്കിറ്റ് വിതരണം ഇന്ന് ആരംഭിക്കും.
- കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് രണ്ട് മത്സരങ്ങൾ.

## വാർത്തകൾ വിശദമായി

അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രതിനിധി തല ചർച്ച ആരംഭിച്ചു . ഡൽഹിയിലെ ഹൈദരാബാദ് ഹൗസിലാണ് കൂടിക്കാഴ്ച. ഇന്ത്യയും UAE യും തമ്മിലെ ഉഭയകക്ഷി സഹകരണത്തിന്റെ വിപുലമായ മേഖലകളെ കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്യും. രാഷ്ട്രപതി ദ്രൗപതി മുർമുവുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും.

അബുദാബി കിരീടാവകാശി, മഹാത്മാഗാന്ധിക്ക് ആദരാഞ്ജലി അർപ്പിക്കാൻ രാജ്ഘട്ട് സന്ദർശിക്കും.ഇരു രാജ്യങ്ങളിലെയും

വ്യവസായ പ്രമുഖർ പങ്കെടുക്കുന്ന ബിസിനസ് ഫോറത്തിൽ പങ്കെടുക്കാൻ അബുദാബി കിരീടാവകാശി നാളെ മുംബൈ സന്ദർശിക്കും.

അബുദാബി കിരീടാവകാശിയുടെ സന്ദർശനം ഇന്ത്യ-യുഎഇ ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുകയും പുതിയതും ഉയർന്നുവരുന്നതുമായ മേഖലകളിൽ പങ്കാളിത്തത്തിനു വഴികൾ തുറക്കുകയും ചെയ്യും. ചൈനയ്ക്കും യുഎസിനും ശേഷം 2022-23 വർഷത്തിൽ ഇന്ത്യയുടെ മൂന്നാമത്തെ വലിയ വ്യാപാര പങ്കാളിയാണ് UAE.

✪✪✪

റിയാദിൽ ഇന്ന് നടക്കുന്ന ഇന്ത്യ-ഗൾഫ് സഹകരണ കൗൺസിൽ വിദേശകാര്യ മന്ത്രിമാരുടെ ആദ്യ യോഗത്തിൽ വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ പങ്കെടുക്കും. ഇന്ത്യയും ഗൾഫ് രാജ്യങ്ങളും തമ്മിൽ ബന്ധം ശക്തിപ്പെടുത്തുകയാണ് ഈ ചരിത്ര സംഗമം ലക്ഷ്യമിടുന്നത്.

വ്യാപാരം, നിക്ഷേപം, ഊർജം എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ സഹകരണം വർധിപ്പിക്കുന്നതിനാണ് ജിസിസി വിദേശകാര്യ മന്ത്രിമാരുടെ യോഗം ഊന്നൽ നൽകുന്നത്.

സന്ദർശന വേളയിൽ, ഡോ. ജയശങ്കർ GCC അംഗരാജ്യങ്ങളുമായി ഉഭയകക്ഷി ചർച്ച നടത്തുമെന്ന് പ്രതീക്ഷിക്കുന്നു, ഇത് മേഖലയിലെ ഇന്ത്യയുടെ ബന്ധം കൂടുതൽ ദൃഢമാക്കും.

സൗദി അറേബ്യയിൽ രണ്ട് ദിവസത്തെ സന്ദർശനത്തിനെത്തിയ ഡോ. ജയശങ്കർ ആദ്യ ദിവസം റിയാദിലെ പ്രധാന സാംസ്കാരിക കേന്ദ്രങ്ങൾ സന്ദർശിച്ചു.

✪✪✪

54-ാമത് GST കൗൺസിൽ യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരിയും, സംസ്ഥാന ധനകാര്യ മന്ത്രിമാരും പങ്കെടുക്കുന്നുണ്ട്. ജൂണിൽ നടന്ന GST കൗൺസിൽ യോഗത്തിൽ, എല്ലാ സ്റ്റീൽ, ഇരുമ്പ്, അലുമിനിയം പാൽ ക്യാനുകൾക്കും 12 ശതമാനം GST ഏകീകൃത നിരക്ക് ശുപാർശ ചെയ്തിരുന്നു.

✪✪✪

കേന്ദ്ര സാമൂഹ്യനീതി, ശാക്തീകരണ മന്ത്രാലയം സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ "ചിന്തൻ ശിവിർ" ദേശീയ അവലോകന സമ്മേളനം ഉത്തർപ്രദേശിലെ ആഗ്രയിൽ ഇന്ന് ആരംഭിക്കും. പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് വിവിധ പദ്ധതികളും നയങ്ങളും നടപ്പിലാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാനാണ് സമ്മേളനം. കേന്ദ്രമന്ത്രി ഡോ. വീരേന്ദ്ര കുമാറിന്റെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ, സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സാമൂഹിക നീതി, സാമൂഹിക ക്ഷേമ വകുപ്പ് മന്ത്രിമാർ, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും .

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 29 ന് . പരിപാടിയുടെ 114 - ആം പതിപ്പാണിത്. പരിപാടിയിലേക്ക് ജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന നമ്പറിലോ, MyGov ഓപ്പൺ ഫോറത്തിലോ ഈ മാസം 27 വരെ അറിയിക്കാം. 1922 എന്ന നമ്പറിൽ മിസ്ഡ് കോൾ നൽകി SMS-ൽ ലഭിക്കുന്ന ലിങ്ക് വഴി നിർദ്ദേശങ്ങൾ നേരിട്ട് പ്രധാനമന്ത്രിക്ക് നൽകുകയും ചെയ്യാം.

✪✪✪

ജമ്മുകശ്മീരിലെ രജൗരി ജില്ലയിലെ നിയന്ത്രണരേഖയിൽ നുഴഞ്ഞു കയറാൻ ശ്രമിച്ച രണ്ടു ഭീകരരെ സുരക്ഷാസേന വധിച്ചു. നൗഷേരയിലെ ലാം സെക്ടറിൽ ഇന്നലെ രാത്രി വൈകിയാണ് വെടിവെപ്പുണ്ടായത്.

✪✪✪

കൊൽക്കത്തയിലെ ആർ ജി കർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വനിതാ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ സിബിഐ ഇന്ന് സുപ്രീം കോടതിയിൽ അന്വേഷണ പുരോഗതി റിപ്പോർട്ട് സമർപ്പിക്കും. കേസിൽ ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡിന്റെ നേതൃത്വത്തിൽ മൂന്നംഗ ബെഞ്ചാണ് വാദം കേൾക്കുന്നത്.

✪✪✪

മെഡിസെപ്പ് പദ്ധതിയിൽ രണ്ടര വർഷത്തിനുള്ളിൽ 1,485 കോടി രൂപയുടെ ചികിത്സാ ആനുകൂല്യങ്ങൾ നൽകിയതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. ഗവൺമെന്റ് ജീവനക്കാർക്കും

പെൻഷൻകാർക്കും അവരുടെ ആശ്രിതർക്കുമായാണ് ഇത്രയും തുകയുടെ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കിയത്. ഇതിൽ 1,341 കോടി 12 ലക്ഷം രൂപയും സ്വകാര്യ ആശുപത്രികളിലെ ചികിത്സകൾക്കായാണ് നൽകിയതെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

87 കോടി 15 ലക്ഷം രൂപ ഗവൺമെന്റ് ആശുപത്രകളിലെ ചികിത്സയ്ക്കും നൽകി. വാഹനാപകടം, പക്ഷാഘാതം, ഹൃദയാഘാതം ഉൾപ്പെടെ അടിയന്തിര സാഹചര്യങ്ങളിൽ പാനൽ ചെയ്തിട്ടില്ലാത്ത ആശുപത്രികളിൽ ചികിത്സ തേടിയതിന് നാലു കോടി രൂപയും ഇൻഷ്വറൻസ് കമ്പനി നൽകിയതായി മന്ത്രി അറിയിച്ചു.

2022 ജൂലൈ ഒന്നിന് ആരംഭിച്ച പദ്ധതിയിൽ ആഗസ്ത് 31 വരെ രണ്ട് ലക്ഷത്തി 87,489 പേർക്കാണ് ചികിത്സ ഉറപ്പാക്കിയത്.

✪✪✪

ADGP, ആർ.എസ്.എസ് നേതാക്കളെ കണ്ട കാര്യം ഗവ. പരിശോധിക്കുമെന്ന് CPIM പൊളിറ്റ്ബ്യൂറോ അംഗം A വിജയരാഘവൻ പറഞ്ഞു. കണ്ണൂരിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പാർട്ടിയും ഗവണ്മെന്റും വേറെയാണെന്ന തരത്തിൽ ചോദ്യം ശരിയല്ലെന്നും, CPIM PB അംഗമായ പിണറായി വിജയൻ തന്നെയാണ് കേരളത്തിലെ ഗവൺമെന്റിന് നേതൃത്വം നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.

16 മാസങ്ങൾക്കു മുൻപ് ഒരു പൊലിസുകാരൻ ആർ.എസ്.എസ് നേതാവിനെ കണ്ടതു വലിയ വിവാദമായിരിക്കുകയാണെന്നും വിജയരാഘവൻ ആരോപിച്ചു. ADGP വിഷയത്തിൽ CPI പറയുന്നത് അവരുടെ അഭിപ്രായമാണ്. അവർ കേരളത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന പാർട്ടിയാണ്. അവർക്ക് അവരുടെ അഭിപ്രായം പറയാൻ അവകാശമുണ്ടെന്നും വിജയരാഘവൻ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് സൗജന്യ ഓണക്കിറ്റ് വിതരണം ഇന്ന് ആരംഭിക്കും. സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പേരൂർക്കടയിൽ മന്ത്രി GR അനിൽ അല്പസമയത്തിനകം നിർവഹിക്കും.

റേഷൻ കടകൾ വഴിയാണ് ഓണക്കിറ്റുകൾ വിതരണം ചെയ്യുന്നത്. 6 ലക്ഷത്തോളം വരുന്ന മഞ്ഞ കാർഡുടമകൾക്കും, വിവിധ ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരായ NPI കാർഡുടമകൾക്കും, വയനാട് ദുരന്തബാധിത മേഖലയിലെ എല്ലാ റേഷൻകാർഡ്

ഉടമകൾക്കും ഓണക്കിറ്റ് ലഭിക്കും. ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്ക് നാളെ മുതൽ ഉദ്യോഗസ്ഥർ കിറ്റുകൾ നേരിട്ട് എത്തിക്കും. 14 അവശ്യ സാധനങ്ങളടങ്ങിയതാണ് ഓണക്കിറ്റ്.

ഓണത്തിന് സ്കൂൾ കുട്ടികൾക്ക് അഞ്ചു കിലോ അരി വിതരണം ചെയ്യുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനവും ഇന്ന് തിരുവനന്തപുരത്തു നടക്കും .

✪✪✪

സ്ത്രീ പക്ഷത്ത് നിലയുറപ്പിച്ച് അവകാശങ്ങൾക്കായി പോരാടിയ പ്രസ്ഥാനമാണ് വിമൻ ഇൻ സിനിമാ കലക്ടീവ്, എന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ പറഞ്ഞു. നാലാമത് 'എൻ.രാജേഷ് സ്മാരക പുരസ്കാരം' മലയാള ചലച്ചിത്ര മേഖലയിലെ വനിതകളുടെ കൂട്ടായ്മയായ WCC ക്ക് കോഴിക്കോട്ട് സമ്മാനിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തൊഴിലിടത്തിൽ ഇത്രമാത്രം നീതി നിഷേധിക്കപ്പെട്ട സംഭവം ഇതിനു മുമ്പുണ്ടായിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. ഹേമ കമ്മറ്റി റിപ്പോർട്ടിൽ തുടർ നടപടികൾ സ്വീകരിക്കണമെന്നും സതീശൻ ആവശ്യപ്പെട്ടു.

✪✪✪

ഏഴിമല റെയിൽവെ മേൽപാലത്തിന്റെ നിർമ്മാണം ആരംഭിച്ചു. രാവിലെ ഭൂമിപൂജ നടത്തി. ഏഴിമല റെയിൽവെ സ്റ്റേഷന് സമീപത്തെ റെയിൽവെ ഗേറ്റിനോട് ചേർന്നാണ് മേൽപാലം പണിയുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

.......(വോയ്സ്)............

✪✪✪

കിഫ്ബിയിൽ 80 കോടി 58 ലക്ഷം രൂപ ചെലവിൽ ഒന്നാംഘട്ട നവീകരണം പൂർത്തിയാക്കിയ കൊണ്ടോട്ടി- എടവണ്ണപ്പാറ- അരീക്കോട് റോഡിന്റെ ഉദ്ഘാടനം വൈകീട്ട് മന്ത്രി P.A മുഹമ്മദ് റിയാസ് നിർവഹിക്കും.

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, ഏറനാട് മണ്ഡലങ്ങളിലൂടെ കടന്നു പോകുന്ന റോഡിന് 21 കിലോമീറ്റർ നീളമുണ്ട്. 13.6 മീറ്റർ വീതിയിലാണ് നവീകരണം.

✪✪✪

പാരീസിൽ ഇന്നലെ സമാപിച്ച പാരാലിമ്പിക്സിൽ 29 മെഡലുകൾ നേടിയ ഇന്ത്യൻ പാരാ അത്‌ലറ്റുകളെ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുമോദിച്ചു. ഈ വർഷത്തെ പാരാലിമ്പിക്സ് സവിശേഷവും ചരിത്രപരവുമാണെന്നും, രാജ്യത്തെ പാരാ അത്‌ലറ്റുകളുടെ അചഞ്ചലമായ അർപ്പണബോധത്തെയും അദമ്യമായ ചൈതന്യത്തെയുമാണ് സൂചിപ്പിക്കുന്നതെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു .

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോൾ ടൂർണമെന്റ് കേരളത്തിലെ ഫുട്ബോളിന് പുതു ജീവൻ നൽകുമെന്ന് മന്ത്രി വി ശിവൻകുട്ടി അഭിപ്രായപ്പെട്ടു. സൂപ്പർ ലീഗ് കേരള ഫുട്ബോൾ ടൂർണമെന്റിലെ, തെക്കൻ കേരളത്തിലെ ഏക ടീമായ തിരുവനന്തപുരം കൊമ്പൻസിന്റെ ലോഗോ പ്രകാശനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ആദ്യമത്സരത്തിൽ ഉച്ചയ്ക്ക് രണ്ടരയ്ക്ക് കൊച്ചി ബ്ലൂ ടൈഗേഴ്സ്, തിരുവനന്തപുരം റോയൽസിനെ നേരിടും. വൈകിട്ട് 6.45ന് രണ്ടാമത്തെ മത്സരത്തിൽ ആലപ്പി റിപ്പിൾസ് , കലിക്കറ്റ് ഗ്ളോബ് സ്റ്റാർസുമായി ഏറ്റുമുട്ടും. തിരുവനന്തപുരം ഗ്രീൻഫീൽഡ് ഇന്റർനാഷണൽ സ്റ്റേഡിയത്തിലാണ് മത്സരം .

✪✪✪

ത്രിരാഷ്ട്ര ഇന്റർകോണ്ടിനെന്റൽ കപ്പ് ഫുട്ബാൾ മത്സരത്തിൽ ഇന്ത്യ ഇന്ന് സിറിയയെ നേരിടും. ഹൈദരാബാദിലെ ബാലയോഗി സ്റ്റേഡിയത്തിൽ വൈകീട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

കന്നി മാസ പൂജയ്ക്കായി ശബരിമല നട വെള്ളിയാഴ്ച വൈകിട്ട് അഞ്ചിനു തുറക്കും.

ഞായറാഴ്ചയാണ് തിരുവോണ പൂജകൾ. ഓണം പൂജകൾക്കിടയിൽ കന്നിമാസ പൂജകൾ കൂടി വരുന്നതിനാൽ ഈ മാസം 21 വരെ നട തുറക്കും. പൂജകൾ പൂർത്തിയാക്കി 21 ന് രാത്രി 10 ന് നടയടയ്ക്കും.

✪✪✪

ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ ഒന്നാം റാങ്ക് നേടിയ കേരളത്തിന്റെ നേട്ടം അഭിമാനകരമെന്ന് വ്യവസായ പ്രമുഖൻ MA യൂസഫലി കോഴിക്കോട്ട് മാധ്യമങ്ങളോട് പറഞ്ഞു. നിക്ഷേപകരുടെ ഫോക്കസ് കേരളത്തിലേക്ക് വരുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കേരള തീരം മുതൽ വടക്കൻ കർണാടക തീരം വരെ ന്യൂനമർദ്ദപാത്തി രൂപപ്പെട്ടതിന്റെ ഫലമായി സംസ്ഥാനത്ത് വെള്ളിയാഴ്ച്ച വരെ വ്യാപകമായി നേരിയ, മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

കനത്ത മഴക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി.

✪✪✪